ശ്രീ. ഇ. ജാൺ ഫിലിപ്പോസ്:

(എ) ഇല്ല.

(ബി, സി, ഡി) ഈ ഗവൺമെണ്ടിന്റെ ശ്രദ്ധാപൂർവകം രഹസ്യമാണ്. ആ വിവരങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതു പൊതുതാല്പര്യങ്ങൾക്കു് അനുയോജ്യമായിരിക്കയില്ല.

സാഹിബ് ബഹദൂർ കെ. എ. മുഹമ്മദ്: ഇതുസംബന്ധിച്ചു് ഫെഡറൽ കോടതിയിൽനിന്നു ഒരു കമ്മീഷനെ നിയമിച്ചിട്ടുണ്ടെന്നു പറയുന്നതു ശരിയാണോ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: ഗവൺമെണ്ടിനു അങ്ങനെ സംബന്ധിച്ചു് ഔദ്യോഗികമായ യാതൊരു അറിവുമില്ല.

ശ്രീ. ഈപ്പൻ അയ്യൽ: ഹൈക്കോടതി ജഡ്ജിമാരുടെ സംഖ്യ ഇത്രയായിരിക്കണമെന്നു നിർണ്ണയിച്ചിട്ടുണ്ടോ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: എത്ര വേണമെന്നു നിർണ്ണയിച്ചിട്ടില്ല.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: മൂന്നു ഹൈക്കോടതി ജഡ്ജിമാരെ നിയമിക്കുവാൻ ഇവിടെനിന്നും ശുപാർശ ചെയ്തിട്ട് രണ്ടുപേരെ ഇൻഡ്യാ ഗവൺമെണ്ട് അംഗീകരിച്ചില്ലെന്നു പറയുന്നതു ശരിയാണോ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: അതാണ് ഞാൻ പറഞ്ഞതു്, രഹസ്യമായ വിവരങ്ങൾ വെളിപ്പെടുത്താൻ നിവൃത്തിയില്ലെന്നു്.

ശ്രീ. ഈപ്പൻ അയ്യൽ: ഇപ്പോഴുള്ള ജഡ്ജിമാരെക്കൊണ്ടു് കേസുകളെല്ലാം ശരിയായി കാലതാമസംകൂടാതെ തീർക്കുവാൻ സാധിക്കുമെന്നാണോ ഗവൺമെൻറ് വിചാരിക്കുന്നതു്?

Mr. Speaker: It is a matter of opinion.

AGE CORRECTION

***750.** [26] **Sri. N. V. Chacko:** Will the Hon'ble the Chief Minister be pleased to state.—

(*a*) whether there was any discovery within five months of any person employed in the service of the Government tampering with any record showing the age of any person;

(*b*) whether there was any discovery within five months of the age of any person in the service of the Government being shown differently in different records;

(*c*) do Government call such instances as "correction of the age" of that individual; and

(*d*) did Government think that such "correction of the age" of any person sufficient ground for dispensing with the services of that person?

Sri. E. John Philipose:

(*a*), (*b*), (*c*) and (*d*) Government consider that it will not be in public interest to disclose the information.

ശ്രീ. എൻ. വി. ചാക്കോ: അങ്ങിനെയുള്ളവർക്കു് ഈ വയസ്സു് തിരുത്തിയിട്ടില്ലെങ്കിലും അവരെ പിരിച്ചുവിടുമോ?

Mr. Speaker: Is the supplementary question about the non-disclosure of the matter? The Hon'ble Minister has already given an explanation of it.

DESTRUCTION OF RECORD BY ACID

***751.** [27] **Sri. N. V. Chacko:** Will the Hon'ble the Chief Minister be pleased to state.—

(*a*) whether it is true that some acid has destroyed the part of the record showing the age of certain student or students of certain college;

(*b*) which that college is;

(*c*) what kind of acid destroyed the record;

(*d*) how much of the record was destroyed;

(*e*) was the destruction accidental or deliberate;

(*f*) if accident, how it was caused; and

(*g*) if deliberate, who caused it?

Sri. E. John Philipose: The information is only being collected.

ശ്രീ. കെ. എ. മാത്യു: ആസിഡു് വീണതായിട്ടു വല്ല അറിവും ലഭിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly